**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - പൊതുഭരണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഹൗസ് ട്രെയിനിംഗ് നൽകുന്നതിനുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ രൂപീകരണം - ട്രെയിനിംഗിന് ഗസ്റ്റ് ഫാക്കൽറ്റികളായി തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ സർവ്വീസിലുള്ള ജീവനക്കാർക്ക് വകുപ്പുതലത്തിൽ പ്രത്യേകം അനുമതിയില്ലാതെ തന്നെ മേലധികാരിയുടെ അറിവോടെ ക്ലാസ്സ് എടുക്കുന്നതിനും പ്രതിഫലം കൈപ്പറ്റുന്നതിനും പൊതുവായ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (സാധാ) 58/2015/ഉ.ഭ.പ.വ.      *തിരുവനന്തപുരം, തീയതി : 16.02.2015*

---

പരാമർശം :- (1) സ.ഉ.(കൈയെഴുത്ത്) നം. 1/2015/ഉ.ഭ.പ.വ. തീയതി, 05.01.2015.

(2) പൊതുഭരണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഹൗസ് ട്രെയിനിംഗ് നൽകുന്നതുമായി ബന്ധപ്പെട്ട് 28.01.2015-ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കോർ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പൊതുഭരണ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, സേവനം മെച്ചപ്പെടുത്തുന്നതിനും വേണ്ടി പൊതുഭരണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഹൗസ് ട്രെയിനിംഗ് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. സെക്രട്ടേറിയറ്റിലെ ജോലിക്കനുസൃതമായ വിധത്തിൽ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുകയാണ് ഈ ട്രെയിനിംഗ് സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യമെന്നതിനാൽ, ഓരോ വകുപ്പുമായി ബന്ധപ്പെട്ട ഏതൊക്കെ വിഷയങ്ങൾക്കാണ് ട്രെയിനിംഗ് നൽകേണ്ടതാവശ്യമായി വരിക എന്ന് തീരുമാനിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ അറിയിക്കുന്നതിനായി അതത് വകുപ്പിലെ പലവക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷന്റെ അണ്ടർസെക്രട്ടറിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അതത് വകുപ്പുകളെ ചുമതലപ്പെടുത്തുവാനും ട്രെയിനിംഗ് ഫാക്കൽറ്റികളായി വരാൻ താൽപര്യമുള്ള, സർക്കാർ സർവ്വീസിലുള്ളവർക്ക് പൊതുവായ പെർമിസ്സീവ് സാങ്ഷൻ നൽകുന്നതിനും ഇൻഹൗസ് ട്രെയിനിംഗ് സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കോർ കമ്മിറ്റിയുടെ പരാമർശം രണ്ടിലെ യോഗത്തിന്റെ നടപടിക്കുറിപ്പ് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം ഓരോ വകുപ്പുമായി ബന്ധപ്പെട്ട ഏതൊക്കെ വിഷയങ്ങൾക്കാണ് ട്രെയിനിംഗ് നൽകേണ്ടതെന്ന് തീരുമാനിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.11) വകുപ്പിനെ അറിയിക്കുന്നതിനായി അതത് വകുപ്പിലെ പലവക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷന്റെ അണ്ടർസെക്രട്ടറിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ അതത് വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

4. ഇൻഹൗസ് ട്രെയിനിംഗിന് ഗസ്റ്റ് ഫാക്കൽറ്റികളായി തെരഞ്ഞെടുക്കപ്പെടുന്ന

(........2)

fms



സർക്കാർ സർവ്വീസിലുള്ള ജീവനക്കാർക്ക് വകുപ്പുതലത്തിൽ പ്രത്യേകം അനുമതിയില്ലാതെ തന്നെ മേലധികാരിയുടെ അറിവോടെ ക്ലാസ്സ് എടുക്കുന്നതിനും പ്രതിഫലം കൈപ്പറ്റുന്നതിനും പൊതുവായ അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ. അജയകുമാർ,**
സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,ആഡിറ്റ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുമേധാവികൾക്കും/ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നമ്പർ ഇ6- 14330/2015 തിയതി 20.04.2015

പകർപ്പ് അറിവിനും അനന്തരനടപടികൾക്കുമായി IHRD അഡി.ഡി.സി.സി.എഫിന് അയയ്ക്കുന്നു.
പകർപ്പ് വനം വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി FMIS അ.ഡി.സി.സി.എഫിനു നൽകുന്നു.

20/04/15

അഡി.പി.സി.സി.എഫ് (ഭരണം)
10/4/15 ക്കു വേണ്ടി